

# ദക്ഷിണ കര്‍ണാടകയിലെ സൗഹാര്‍ദ വാഹിനി ജാഥ

**വര്‍ഗീയ** ഫാഷിസ്റ്റുശക്തികള്‍ പിടിമുറുക്കുന്ന ദക്ഷിണ കര്‍ണാടകയില്‍ ജമാഅത്തെ ഇസ്‌ലാമി സംഘടിപ്പിച്ച രണ്ടാഴ്ച നീണ്ട മതസൗഹാര്‍ദ കാമ്പയിന്‍ ശ്രദ്ധ പിടിച്ചുപറ്റി. സൗഹാര്‍ദ വാഹിനി ജാഥ എന്ന തലക്കെട്ടിലായിരുന്നു കാമ്പയിന്‍. ആയിരങ്ങള്‍ പങ്കെടുത്ത റാലിയോടെയാണ് മതസൗഹാര്‍ദ പക്ഷാചരണത്തിന് തിരശ്ശീല വീണത്. സമാപന സമ്മേളനത്തില്‍ ജമാഅത്തെ ഇസ്‌ലാമി മുന്‍ അഖിലേന്ത്യാ അമീര്‍ മൗലാനാ സിറാജുല്‍ ഹസന്‍, മംഗലാപുരം യൂനിവേഴ്സിറ്റിയിലെ ക്രിസ്ത്യന്‍ പഠനവിഭാഗത്തിലെ റവ. ഫെര്‍ണാണ്ടസ്, ബാംഗ്ലൂരിലെ ബലിക്കേരി മഠത്തിലെ ശിവരുദ്ര സ്വാമി, ജമാഅത്തെ ഇസ്‌ലാമി കര്‍ണാടക-ഗോവ അമീര്‍ അബ്ദുല്ല ജാവേദ് തുടങ്ങിയ പ്രമുഖര്‍ സംബന്ധിച്ചു. 'ആര്‍ ഏതു മതത്തില്‍ പെടുന്നു എന്നതല്ല ഇന്നത്തെ പ്രശ്നം. മതത്തിന്റെയും ജാതിയുടെയും പേരില്‍ സമൂഹത്തില്‍ ഛിദ്രതയുണ്ടാക്കാന്‍ നിരവധി ശക്തികള്‍ ശ്രമിച്ചുകൊണ്ടിരിക്കുന്നു, അതാണ് യഥാര്‍ഥ പ്രശ്നം'- റവ. ഫെര്‍ണാണ്ടസ് അഭിപ്രായപ്പെട്ടു.

മംഗലാപുരം നഗരത്തില്‍ ഹിന്ദു, മുസ്‌ലിം, ക്രൈസ്തവ വിഭാഗങ്ങള്‍ ഒത്തുചേര്‍ന്നുകൊണ്ടുള്ള ഇതുപോലൊരു പരിപാടി മുമ്പ് ഉണ്ടായിട്ടില്ലെന്ന് നഗരവാസികള്‍ സാക്ഷ്യപ്പെടുത്തുന്നു. പൊതുപരിപാടിയില്‍ എല്ലാ വിഭാഗത്തിലെയും മതാധ്യക്ഷന്‍മാര്‍ സ്റ്റേജില്‍ ഉണ്ടായിരുന്നു. ■

## ഇദാറ അദബെ ഇസ്‌ലാമിയുടെ അഖിലേന്ത്യാ ഒത്തുചേരല്‍

**ജമാഅത്തെ** ഇസ്‌ലാമിയുടെ കലാസാഹിത്യ വിഭാഗമാണ് ഇദാറ അദബെ ഇസ്‌ലാമി. 2008 മാര്‍ച്ച് 29ന് അതിന്റെ ഒരു അഖിലേന്ത്യാ ഒത്തുചേരലിന് മുംബൈ വേദിയായി. ഇദാറ അദബെ ഇസ്‌ലാമിയുടെ അഖിലേന്ത്യാ പ്രസിഡന്റ് ഡോ. അബ്ദുല്‍ ബാരി, പ്രമുഖ ഉര്‍ദു കവി ജാവേദ് നദീം, ഇദാറയുടെ മഹാരാഷ്ട്ര ഘടകം പ്രസിഡന്റ് അസ്‌ലം ഗാസി, ഇന്‍തിസാര്‍ നഈം തുടങ്ങിയവരുടെ നേതൃത്വത്തിലായിരുന്നു പരിപാടികള്‍. ഹഫീസ് മീറഠി, മാഇല്‍ ഖൈറാബാദി, ഇബ്നു ഫരീദ്, മീം നസീം, അസീസ് ബഖര്‍വി തുടങ്ങി മണ്‍മറഞ്ഞുപോയ ഇദാറ അദബെ ഇസ്‌ലാമിയുടെ പഴയകാല നേതാക്കളെ യോഗം അനുസ്മരിച്ചു.

ഉര്‍ദു ഭാഷയുടെ പ്രതിസന്ധികളും പരിഹാരവും, ഉര്‍ദു സാഹിത്യത്തില്‍ പാശ്ചാത്യ ചിന്തയുടെ സ്വാധീനം, ഉര്‍ദു-മറാഠി ഭാഷകള്‍ തമ്മിലുള്ള ആദാനപ്രദാനങ്ങള്‍ തുടങ്ങിയ വിഷയങ്ങളിലായിരുന്നു ചര്‍ച്ച. അസ്‌ലം ഗാസിയുടെ കാവ്യസമാഹാരം *വുജ്ദാന്‍*, ഡോ. സലീം ഖാന്റെ ചെറുകഥാ സമാഹാരം *ഹിസ്വാര്‍*, ഇന്‍തിസാര്‍ നഈമിന്റെ *ശര്‍ത് വഫാ*, അബ്ദുര്‍റഹ്മാന്‍ മുഹ്സിന്‍ അന്‍സാരിയുടെ കാവ്യസമാഹാരം *റൂഹ് വ റയ്ഹാന്‍* തുടങ്ങിയ ഉര്‍ദു പുസ്തകങ്ങള്‍ വേദിയില്‍ പ്രകാശനം ചെയ്യപ്പെട്ടു. ■

• മരണം •

## ത്വാലിബുല്‍ ഹാശിമി

**പ്രമുഖ** ഉര്‍ദു ഭാഷാ പണ്ഡിതനും പ്രവാചക ചരിത്രകാരനുമായ ത്വാലിബുല്‍ ഹാശിമി ഇസ്‌ലാമാബാദില്‍ നിര്യാതനായി. 83 വയസ്സായിരുന്നു. ഇസ്‌ലാമിക ചരിത്രത്തിലും മതവിഷയങ്ങളിലുമായി ഇരുനൂറോളം കൃതികള്‍ എഴുതിയിട്ടുണ്ട്. പാക് ഗവണ്‍മെന്റിന്റെ നിരവധി പുരസ്കാരങ്ങളും അദ്ദേഹത്തെ തേടിയെത്തി. രണ്ടായിരം സ്വഹാബിമാരുടെ ജീവചരിത്രം വിശദമായി അദ്ദേഹം ക്രോഡീകരിച്ചിട്ടുണ്ട്. *അഖ്‌ലാഖി പൈഗംബരി*, *ഹമാരെ റസൂല്‍ പാക്*, *സീറതു റഹ്മതുദ്ദാറൈന്‍* തുടങ്ങിയവയാണ് പ്രവാചകനെക്കുറിച്ചുള്ള കൃതികള്‍. കുട്ടികള്‍ക്ക് വേണ്ടി മാത്രം അമ്പതിലധികം പുസ്തകങ്ങള്‍ എഴുതിയിട്ടുണ്ട്. ■

jihkerala.org

## മുഹമ്മദ് നബി

ശൈഖ് മുഹമ്മദ് കാരകുന്നും വാണിദാസ് എളയാവൂരും ചേര്‍ന്നെഴുതിയ *മുഹമ്മദ് നബി മാനുഷ്യകത്തിന്റെ മഹാചാര്യന്‍* എന്ന കൃതിയുടെ ഇംഗ്ലീഷ് വിവര്‍ത്തനം, Muhammed Supreme Mentor of Humanityയുടെ സമ്പൂര്‍ണ ഇ-പതിപ്പ് ജമാഅത്ത് സൈറ്റില്‍ ഉള്‍പ്പെടുത്തി.

2008 മാര്‍ച്ച് 31-ന് അബ്ദുന്നാസിര്‍ മഅ്ദനി കൊച്ചിയില്‍ സംഘടിപ്പിച്ച സാമൂഹികനീതി സംഗമത്തില്‍ ഹല്‍ഖാ അമീര്‍ ടി. ആരിഫലി ചെയ്ത പ്രസംഗത്തിന്റെ വീഡിയോ ക്ലിപ്പ്; ടി. ആരിഫലി, ശൈഖ് മുഹമ്മദ് കാരകുന്ന്, എം.ഐ അബ്ദുല്‍ അസീസ്, എം.കെ മുഹമ്മദലി, വി.കെ അലി, എം.വി സലീം മൗലവി എന്നിവരുടെ ഏറ്റവും പുതിയ ഖുത്ബകള്‍ (ഓഡിയോ/ വീഡിയോ) സൈറ്റില്‍നിന്ന് ഡൗണ്‍ലോഡ് ചെയ്യാം.